# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Companies Act, 1956)*

CIN :U40100KL2011SGC027424

REG OFFICE :VYDYUTHI BHAVANAM,PATTOM,THIRUVANANTHAPURAM-695004

Phone: +91 471 2514442,,2514736 CUG:9496018631

E-Mail:snonpskseb@gmail.com,Web-mail: snonps@kseb.in


## Abstract

National Pension System in KSEB Limited – Adoption of Government Orders- Sanctioned - orders issued

---

## CORPORATE OFFICE (Human Resource Management)

B.O.(FTD) No. **100 /2022** (NPS(GI)/G.O.Adoption/21-22) Dated,Tvpm 05 / 02 / 2022

---

Read:-
1) B.O. (FTD)No.648/2015(EBPS17/02/2015) Dated 16.03.2015.
2) B.O (FTD)No. 358/2021(NPS(GI)/GO Adoption/2021-22) dated 14.05.2022
3) G.O(P)No.19/2020/Fin dated 27.02.2020.
4) G.O(P)No.135/2021/Fin dated 07/10/2021.
5) G.O(P)No.158/2021/Findated27/11/2021.
6) Note No.NPS(GI)/G.O. Adoption/21-22 dated 14.01.2022 of the Chief Engineer (HRM) submitted to the Full Time Directors(Agenda Item No.68/1/22)

## ORDER

The Full Time Directors in its meeting on 26.01.2022,resolved to adopt the Government Order read as 4th & 5th above ,for implementation in Kerala State Electricity Board Limited (copy appended).

By Order of the Full Time Director

Sd/-

LEKHA G

COMPANY SECRETARY IN CHARGE

To

1. The Chief Engineer (HRM),KSEBL
2. The State Nodal Officer (NPS)/Stock File

Copy to :-

1. The Financial Adviser/Chief Internal Auditor, KSEBL
2. TA to The Chairman & Managing Director/ Director (HRM), KSEBL
3. TA to the Director(REES, Soura, Sports & Welfare)/(Planning Safety, SCM)/Generation-Civil)/(D & IT) KSEBL
4. PA to the Director(Finance)/Secretary/(Administration
5. Fair Copy Section/Stock File.

Forwarded/ By Order.

Senior Superintendent.

**കേരള സർക്കാർ**

**സംഗ്രഹം**

പങ്കാളിത്ത പെൻഷൻ പദ്ധതി - **പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്തതിന് ശേഷം, ജീവനക്കാരൻ** സേവനമനുഷ്ഠിച്ച കാലയളവിലെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന കുടിശ്ശിക തുകയിൽ നിന്നും NPS വിഹിതത്തിന് തത്തുല്യമായ സർക്കാർ വിഹിതം ജീവനക്കാരന്റെ അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.135/2021/ധന. **തിരുവനന്തപുരം, തീയതി, 07/10/2021.**

---

പരാമർശം :- 1. സ.ഉ.(അച്ചടി) നം. 19/2020/ധന. തീയതി 27.02.2020.

2. പി.എഫ്.ആർ.ഡി.എ (എക്സിറ്റ്) റെഗുലേഷൻ.

**ഉത്തരവ്**

ശമ്പള പരിഷ്കരണത്തിന്റെയോ ക്ഷാമബത്താ അനുവദിക്കുന്നതിന്റെയോ ഭാഗമായി ഉണ്ടാകുന്ന കുടിശ്ശികകൾ ശമ്പളത്തിന്റെ ഭാഗമായതിനാൽ പ്രസ്തുത കുടിശ്ശികയിൽ നിന്നും 10% എൻ.പി.എസ് വിഹിതം കിഴിവ് വരുത്തേണ്ടതും തുല്യമായ സർക്കാർ വിഹിതം ചേർത്ത് ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിലേക്ക് അടവാക്കേണ്ടതാണെന്നും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ സർവീസിൽ നിന്നും വിരമിക്കുകയോ, സർവീസിൽ നിന്നും എൻ.പി.എസ് ബാധകമല്ലാത്ത മറ്റു ജോലിയിൽ പ്രവേശിക്കുകയോ ചെയ്താലും ജീവനക്കാരന് ജോലി ചെയ്തിരുന്ന കാലയളവിലെ ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കും ക്ഷാമബത്താ കുടിശ്ശികയ്ക്കും അർഹതയുള്ളതിനാൽ ടി തുകയിൽ നിന്നും എൻ.പി.എസ് വിഹിതവും തത്തുല്യ ഗവൺമെന്റ് വിഹിതവും ചേർത്ത് പ്രാൺ അക്കൗണ്ടിലേയ്ക്ക് അടവാക്കേണ്ടതുണ്ട്. എന്നാൽ പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്തതിന് ശേഷം, ജീവനക്കാരൻ സേവനമനുഷ്ഠിച്ച കാലയളവിലെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയിൽ എന്തെങ്കിലും കുടിശ്ശിക തുക ഉണ്ടാകുന്ന പക്ഷം ടി തുകയിൽ നിന്നും എൻ.പി.എസ് വിഹിതം ഈടാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം ആവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ സർക്കാരിൽ ലഭ്യമായിരിക്കുന്നു.

2. പി.എഫ്.ആർ.ഡി.എ മാർഗ്ഗനിർദ്ദേശ പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാരന്റെ അവസാന മാസത്തെ ശമ്പളത്തിൽ നിന്നും എൻ.പി.എസ് വിഹിതം കിഴിവ് ചെയ്ത് പ്രാൺ അക്കൗണ്ടിൽ അടവാക്കേണ്ടതില്ല എന്നും അതിന് പകരം പ്രസ്തുത തുക തുല്യമായ സർക്കാർ വിഹിതവും ചേർത്ത് ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിൽ നിക്ഷേപിച്ചാൽ മതിയെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അവസാന മാസ ശമ്പളം അനുവദിക്കുന്നതിന് മുൻപായി പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്ത് ജീവനക്കാർക്ക് അന്വിറ്റി നല്കുന്നതിനുള്ള നടപടികൾ സുഗമമാക്കുന്നതിനായിട്ടാണ് പി.എഫ്.ആർ.ഡി.എ ഇത്തരമൊരു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നത്. ആയതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ

ഉൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്ത സാഹചര്യത്തിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് നിയമപരമായി തടസ്സമില്ല.

3. മേൽ വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും കാരണവശാൽ പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്തതിന് ശേഷം, ജീവനക്കാരൻ സേവനമനുഷ്ഠിച്ച കാലയളവിലെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയിൽ എന്തെങ്കിലും കുടിശ്ശിക തുക ഉണ്ടാകുന്ന പക്ഷം ടി തുകയിൽ നിന്നും എൻ.പി.എസ് വിഹിതം ഈടാക്കേണ്ടതില്ലെങ്കിലും എൻ.പി.എസ് വിഹിതത്തിന് ആനുപാതികമായ സർക്കാർ വിഹിതം ടി വ്യക്തിയ്ക്ക് അനുവദിച്ച് നൽകേണ്ടതാണ് എന്ന് ഉത്തരവാകുന്നു. ഇപ്രകാരം കുടിശ്ശിക വിതരണം ചെയ്യുന്ന അവസരത്തിൽ ബന്ധപ്പെട്ട ഡി.ഡി.ഒ എൻ.പി.എസ് വിഹിതത്തിന് ആനുപാതികമായ സർക്കാർ വിഹിതം കണക്കാക്കി പ്രസ്തുത തുക, ജീവനക്കാരന്റെ പെൻ നമ്പർ ബാങ്ക്/ട്രഷറി അക്കൗണ്ട് നമ്പർ എന്നിവ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ച് ബന്ധപ്പെട്ട ട്രഷറിക്ക് നൽകേണ്ടതും ട്രഷറി ഓഫീസർ പ്രസ്തുത തുക ടി ജീവനക്കാരന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലേയ്ക്ക് അടവാക്കേണ്ടതുമാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ. ഷിബു

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം
3) ധനകാര്യ (എൻ.പി.എസ് - സെൽ) വകുപ്പ്
4) സ്പാർക്ക് പി.എം.യു, തിരുവനന്തപുരം
5) എല്ലാ വകുപ്പ് മേധാവികൾക്കും/സ്ഥാപന മേധാവികൾക്കും/ഭരണവകുപ്പുകൾക്കും
6) നോഡൽ ഓഫീസർ, www.finance.kerala.gov.in
7) സ്റ്റോക്ക് ഫയൽ (E - 1771209)/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Suja

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പങ്കാളിത്ത പെൻഷൻ പദ്ധതി - പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്തതിന് ശേഷം, ജീവനക്കാരൻ സേവനമനുഷ്ഠിച്ച കാലയളവിലെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന കുടിശ്ശിക തുകയിൽ നിന്നും NPS വിഹിതത്തിന് തത്തുല്യമായ സർക്കാർ വിഹിതം ജീവനക്കാരന്റെ അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നതിന് അനുമതി - തിരുത്തിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ എ) വകുപ്പ്

സ.ഉ.(അച്ചടി) നം.158/2021/ധന. തിരുവനന്തപുരം, തീയതി, 27/11/2021.

---

പരാമർശം :- സ.ഉ.(അ) നം. 135/2021-ധന. തീയതി 07.10.2021.

ഉത്തരവ്

ഏതെങ്കിലും കാരണവശാൽ പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്തതിന് ശേഷം, ജീവനക്കാരൻ സേവനമനുഷ്ഠിച്ച കാലയളവിലെ ശമ്പള പരിഷ്കരണത്തിന്റെയോ ക്ഷാമബത്തയുടേയോ ഭാഗമായുണ്ടാകുന്ന കുടിശ്ശിക അനുവദിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത കുടിശിക തുകയിൽ നിന്നും 10% തുക കിഴിവ് ചെയ്ത് തത്തുല്യമായ സർക്കാർ വിഹിതവും ചേർത്ത് ജീവനക്കാരന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടവാക്കേണ്ടതാണെന്ന് പരാമർശം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ ഖണ്ഡിക 2 -ലെ ആദ്യ വാക്യം അവസാന ഭാഗത്തിൽ "ജീവനക്കാരന്റെ ബാങ്ക് അക്കൗണ്ട്" എന്നതിന് പകരം "ജീവനക്കാരന്റെ പ്രാൺ അക്കൗണ്ട്" എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു.

2) ആയത് സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശ ഉത്തരവിലെ ഖണ്ഡിക 2 -ലെ ആദ്യ വാക്യം "പി.എഫ്.ആർ.ഡി.എ മാർഗ്ഗനിർദ്ദേശ പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാരന്റെ അവസാന മാസത്തെ ശമ്പളത്തിൽ നിന്നും എൻ.പി.എസ് വിഹിതം കിഴിവ് ചെയ്ത് പ്രാൺ അക്കൗണ്ടിൽ അടവാക്കേണ്ടതില്ല എന്നും അതിന് പകരം പ്രസ്തുത തുക തുല്യമായ സർക്കാർ വിഹിതവും ചേർത്ത് ജീവനക്കാരന്റെ **ബാങ്ക് അക്കൗണ്ടിൽ** നിക്ഷേപിച്ചാൽ മതിയെന്നും നിഷ്കർഷിച്ചിട്ടുണ്ട്" എന്ന് തിരുത്തി ഉത്തരവാകുന്നു.

പരാമർശം ഉത്തരവിലെ ടി ഭേദഗതി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ. ഷിബു

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം

3) ധനകാര്യ (എൻ.പി.എസ് - സെൽ) വകുപ്പ്
4) സ്പാർക്ക് പി.എം.യു, തിരുവനന്തപുരം
5) എല്ലാ വകുപ്പ് മേധാവികൾക്കും/സ്ഥാപന മേധാവികൾക്കും/ഭരണവകുപ്പുകൾക്കും
6) നോഡൽ ഓഫീസർ, www.finance.kerala.gov.in
7) സ്റ്റോക്ക് ഫയൽ (E - 1771209)/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ